# അപേക്ഷിക്കുന്ന എല്ലാവർക്കും നീര ചെത്താൻ ലൈസൻസ്

തിരുവനന്തപുരം: നീര ചെത്തുന്നതിന് അപേക്ഷിക്കുന്ന എല്ലാവർക്കും ലൈസൻസ് കൊടുക്കാൻ സർക്കാർ ഉത്തരവിറങ്ങി. ബജറ്റ് വിഹിതമായി പ്രഖ്യാപിച്ച 32 കോടി ധനവകുപ്പിനു ലഭ്യമാക്കാനും ഉത്തരവിറങ്ങി.




കള്ളുചെത്ത് പുനരുദ്ധരിക്കാനായി നികുതി സെക്രട്ടറി ചെയർമാനായും എക്സൈസ് കമ്മീഷണർ മെംബറുമായി ടോഡി ബോർഡ് രൂപീകരിക്കും. ഇതിലേക്കായി ബിവറേജസ് കോർപറേഷനിൽനിന്ന് ഒരു കോടി രൂപ ലഭ്യമാക്കും.

നാളികേര ബോർഡിൽ 362 ഉത്പാദക ഫെഡറേഷനുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 173 എണ്ണത്തിനാണു നീര ചെത്താൻ ലൈസൻസ് നൽകിയിട്ടുള്ളത്. രജിസ്റ്റർ ചെയ്ത എല്ലാ സംഘങ്ങൾക്കും ഫെഡറേഷനുകൾക്കും നികുതിവകുപ്പ് ലൈസൻസ് നൽകും. നേരത്തേ ഇറക്കിയ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി കേരഫെഡിനു കൂടെ നീര ചെത്താൻ അനുമതി നൽകും. ഫെഡറേഷനുകൾക്ക് 1,500 തെങ്ങു ചെത്താനുള്ള ലൈസൻസാണു നൽകിയിരുന്നത്. ഇത് 5000 ആയി വർധിപ്പിക്കും. അതേസമയം, നാളികേര വികസന കോർപറേഷൻ, കാർഷിക സർവകലാശാല, കെയ്കോ, കേരഫെഡ് എന്നിവയ്ക്കു ചെത്താനുള്ള തെങ്ങിനു പരിധിയുണ്ടാവില്ല. നീര ടെക്നീഷൻ പരിശീലനത്തിന് ഒരാളിന് 10,000 രൂപ വീതം നൽകും. ഇതിലേക്കായി 12 കോടി രൂപ ചെലവഴിക്കാൻ കൃഷി വകുപ്പു മുഖേന നടപടി സ്വീകരിക്കും. ഉത്പാദക കമ്പനികൾക്കു സബ്സിഡിയായി പത്തു കോടി രൂപ നൽകും. ചെലവിന്റെ 25 ശതമാനമോ 50 ലക്ഷമോ ഏതാണോ കൂടിയ തുക നിബന്ധന പ്രകാരം നൽകും.